(ബി) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള അസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിന വേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഏൽപിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി&ഡി) കമ്മീഷൻ മുഖേന ക്ഷേമപ്രവർത്തനങ്ങളൊന്നും നടപ്പിലാക്കുന്നില്ല

ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണ ധനസഹായം

193 (1631) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷവിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായം ജില്ലകളിൽ വിതരണം ചെയ്തതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ധനസഹായ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

(എ) ഓരോ ജില്ലയിലേക്കും ഭവന പദ്ധതിക്കുവേണ്ടി അനുവദിച്ച തുക വർഷം തിരിച്ച് താഴെ കൊടുക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയുടെ പേര്	2013-14	2014-15
തിരുവനന്തപുരം	136 ലക്ഷം	20 ലക്ഷം
കൊല്ലം	112 ലക്ഷം	20 ലക്ഷം
പത്തനംതിട്ട	48 ലക്ഷം	8 ലക്ഷം
ആലപ്പുഴ	104 ലക്ഷം	36 ലക്ഷം
കോട്ടയം	60 ലക്ഷം	20 ലക്ഷം
ഇടുക്കി	100 ലക്ഷം	40 ലക്ഷം
എറണാകുളം	110 ലക്ഷം	26 ലക്ഷം
തൃശ്ശൂർ	124 ലക്ഷം	20 ലക്ഷം
പാലക്കാട്	88 ലക്ഷം	36 ലക്ഷം
മലപ്പുറം	408 ലക്ഷം	80 ലക്ഷം
കോഴിക്കോട്	214 ലക്ഷം	48 ലക്ഷം
വയനാട്	180 ലക്ഷം	46 ലക്ഷം
കണ്ണൂർ	112 ലക്ഷം	62 ലക്ഷം
കാസർഗോഡ്	104 ലക്ഷം	36 ലക്ഷം
ആകെ	1900 ലക്ഷം	498 ലക്ഷം

2013-14 സാമ്പത്തിക വർഷം മുതൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/വിവാഹബന്ധം വേർപെടുത്തിയവർക്കുമായി ന്യൂനപക്ഷക്ഷേമ വകുപ്പ് ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലേക്കായി 2013-14 സാമ്പത്തിക വർഷത്തിൽ 19 കോടി രൂപ വകയിരുത്തുകയും 14 ജില്ലകളിലായി 950 വീടുകൾ ടി വിഭാഗത്തിനായി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾക്കും/വിവാഹബന്ധം വേർപെടുത്തിയവർക്കും/ഉപേക്ഷിക്കപ്പെട്ടവർക്കുമായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 14 ജില്ലകളിലായി 249 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി വർദ്ധിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly